# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2137** **11/03/2020 ൽ മറുപടിക്ക്**

## പല്ലശ്ശന പഞ്ചായത്തിൽ ഖാദി ബോർഡിന്റെ സ്ഥലം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ. ബാബു | | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും, വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് ജില്ലയിലെ പല്ലശ്ശന പഞ്ചായത്തിൽ ഖാദിബോർഡിന്റെ കീഴിലുള്ള പനംചക്കര സൊസൈറ്റിയുടെ പേരിലുള്ള സ്ഥലം പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ ആവശ്യങ്ങൾക്കായി വിട്ടുനൽകുന്നതിന് അപേക്ഷ സമർപ്പിച്ചത് പരിശോധിച്ച് അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ;<br>(ബി) ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) യും (ബി) യും | പാലക്കാട് ജില്ലയിലെ പല്ലശ്ശന പഞ്ചായത്തിൽ ഖാദി ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പനംചക്കര സൊസൈറ്റിയുടെ പേരിലുള്ള സ്ഥലം പല്ലശ്ശന ഗ്രാമ പഞ്ചായത്തിന്റെ ആവശ്യങ്ങൾക്കായി വിട്ടുനൽകുവാൻ 20/06/2018 ന് പല്ലശ്ശന ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.പി.ഗീത, ഖാദി ബോർഡിന് നിവേദനം നൽകിയിട്ടുണ്ട്. പ്രസ്തുത സംഘത്തിൽ ഇപ്പോൾ ലിക്വിഡേഷൻ നടപടികൾ നടന്നുവരുന്നു. ഇത് സംബന്ധിച്ച് ഖാദി ബോർഡിന് ശിപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ